**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2410** **15-10-2024 - ൽ മറുപടിയ്ക്ക്**

**ധനകാര്യ വകുപ്പിൽ തീർപ്പാക്കാനുള്ള ഫയലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ധനകാര്യ വകുപ്പിൽ എത്ര ഫയലുകൾ തീർപ്പാക്കാനുണ്ട്; | (എ) | വിവിധ ഭരണ വകുപ്പുകളിൽ നിന്ന് ലഭിച്ചത് ഉൾപ്പെടെ 10-10-2024 തീയതി വരെ ഇ-ഓഫീസ് രേഖകൾ പ്രകാരം ധനകാര്യ വകുപ്പിൽ **26,257 ഫയലുകൾ തീർപ്പാക്കാനുണ്ട്.** |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പിന്റെ തലപ്പത്തുണ്ടായിരുന്ന അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിലുള്ള ഐ.എ.എസ് ഉദ്യോഗസ്ഥർ ആരൊക്കെയായിരുന്നു; ഓരോരുത്തരുടെയും കാലയളവ് എത്രയായിരുന്നു; | (ബി) | ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പിന്റെ തലപ്പത്തുണ്ടായിരുന്ന അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിലുള്ള ഐ.എ.എസ് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഈ സർക്കാർ അധികാരമേറ്റപ്പോൾ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. രാജേഷ് കുമാർ സിംഗ്, ഐ.എ.എസ്., 2022 സെപ്റ്റംബർ 22 വരെ തുടർന്നു.<br><br>ശ്രീ. ബിശ്വനാഥ് സിൻഹ, ഐ.എ.എസ്., 2022 സെപ്റ്റംബർ 23 മുതൽ 2023 ജൂൺ 30 വരെ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്നു.<br><br>ധനകാര്യ വ്യയം സെക്രട്ടറി യായിരുന്ന ശ്രീ. സഞ്ജയ് കൗൾ, ഐ.എ.എസ്., 2023 ജൂലൈ 1 മുതൽ ജൂലൈ 31 വരെ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നു.<br><br>ശ്രീ. രബീന്ദ്ര കുമാർ അഗർവാൾ, ഐ.എ.എസ്., 2023 ആഗസ്റ്റ് 1 മുതൽ 2024 ആഗസ്റ്റ് 17 വരെ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്നു.<br><br>നിലവിൽ ഡോ. എ. ജയതിലക്, ഐ.എ.എസ്., ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി ആയി സേവനമനുഷ്ഠിച്ചു വരുന്നു. |
| (സി) | ഇവരുടെ പെട്ടെന്നുള്ള സ്ഥലമാറ്റം ധനകാര്യ വകുപ്പിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ